# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2856 13.07.2015 ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിന് മുമ്പിലെ സമരങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.ആർ . സെൽവരാജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപാർട്ടികൾക്ക് നൽകിയിട്ടുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം;<br>(ബി) സെക്രട്ടേറിയറ്റിന് മുൻപിലും പരിസരത്തുമുള്ള സമരങ്ങൾ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;<br>(സി) ഇക്കാര്യം സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ടോ;വിശദാംശങ്ങൾ എന്തെല്ലാം? | (എ), (ബി) & (സി) | തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27/1/2014- ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾക്ക് നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർയോഗങ്ങൾ കൂടി തീരുമാനങ്ങളെടുക്കുന്നതാണ് എന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി |

സെക്ഷൻ ഓഫീസർ